കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും പുനരധിവാസവും വകുപ്പ് - ഇന്റർ ഐ.ടി.ഐ. കലാകായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്ന ട്രെയിനികൾ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് 80% ഹാജർ ആവശ്യമുള്ളതിൽ 2% ഹാജർ ഇളവ് അനുവദിക്കൽ - ഉത്തരവു പുറപ്പെടുവിക്കുന്നു.

==========================================================================

തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്

സ.ഉ. (സാധാ) നം. 2695/04/തൊഴിൽ. തീയതി, തിരുവനന്തപുരം, 14.10.2004

==========================================================================

പരാമർശം:- 1. ചാക്ക ഐ.ടി.ഐ., തിരുവനന്തപുരം, ട്രെയിനീസ് കൗൺസിൽ ചെയർമാൻ 9.7.04 -ൽ ബഹു.തൊഴിൽ വകുപ്പു മന്ത്രിക്കു സമർപ്പിച്ച നിവേദനം

2. 23.7.04 -ലെ വ്യാവസായിക പരിശീലന വകുപ്പു ഡയറക്ടറുടെ എഫ്.3/18639/04 നമ്പരിലുള്ള നടപടി ഉത്തരവ്.

3. 3. 26.7.04-ലെ വ്യാവസായിക പരിശീലന വകുപ്പു ഡയറക്ടറുടെ എഫ്.3/18639/04 നമ്പരിലുള്ള കത്ത്.

<u>ഉത്തരവ്</u>

പരാമർശം 2-ലെ വ്യാവസായിക പരിശീലന വകുപ്പു ഡയറക്ടറുടെ നടപടി ഉത്തരവു പ്രകാരം തിരുവനന്തപുരം, ചാക്ക ഐ.ടി.ഐ.യിലെ ഡി/സിവിൽ ട്രെയിനിയും ഇന്റർ ഐ.ടി.ഐ. സ്പോർട്ട്സ് മീറ്റിൽ ഫുഡ്ബാളിൽ ഒന്നാം സ്ഥാനം ലഭിച്ചയാളുമായ ശ്രീ. അനൂപ് .എസ്സിന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് മാന്വൽ പാർട്ട് 2 ഖണ്ഡിക 19(ബി) അനുസരിച്ച് 2% ഹാജർ ഇളവ് അനുവദിച്ച് ജൂലൈ 2004-ലെ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് അനുമതി നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതോടൊപ്പം ഇന്റർ ഐ.ടി.ഐ കലാകായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്ന ട്രെയിനികൾക്ക് ട്രെയിനിംഗ് മാന്വൽ അനുസരിച്ച് ടി ട്രേഡിൽ അത്യാവശ്യം വേണ്ടുന്ന ട്രംയിനിംഗ് നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് 80% ഹാജർ ആവശ്യമുള്ളതിൽ 2% ഹാജർ ഇളവനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കണമെന്നും പരാമർശം 3-ലെ കത്തിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സർക്കരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ട്രെയിനിംഗ് മാന്വൽ പാർട്ട് 2 ഉണ്ഡിക 19(ബി) അനുസരിച്ച് ഇന്റർ ഐ.ടി.ഐ കലാകായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ട്രെയിനികൾക്ക് അവരുടെ ട്രേഡിൽ അത്യാവശ്യം വേണ്ടുന്ന ട്രെയിനിംഗ് നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് 2% ഹാജർ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശം 2-ലെ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ് പ്രകാരം ശ്രീ. അനൂപിനെ പരീക്ഷ എഴുതാൻ അനുവദിച്ച നടപടി സാധൂകരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്. ഗിരിജ,
ജോയിന്റ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അനൂപ് എസ്സ്., ചാക്ക ഐ.ടി.ഐ
അക്കൗണ്ടന്റ് ജനറൽ ((എ&ഇ/ആഡിറ്റ്/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം
പബ്ളിക് റിലേഷൻസ് വകുപ്പ്, (വെബ്സൈറ്റ്) സെക്രട്ടറിയേറ്റ് അനക്സ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ